# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2298 | 12.03.2020-ൽ മറുപടിക്ക്

## ആദിവാസി പുനരധിവാസ മിഷൻ ഗുണഭോക്താക്കൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.വി. അൻവർ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ എവിടെയൊക്കെ എത്ര ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ; | എ) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ 141 ഭൂരഹിത ആദിവാസി കുടുംബങ്ങൾ ഉണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനം തിരിച്ചുള്ള വിശദവിവരം അനുബന്ധം - 1 ആയി ചേർക്കുന്നു. |
| ബി) | ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് സർക്കാർ ഭൂമി ഏറ്റെടുത്ത് ലാന്റ് ബാങ്കായി നിലനിർത്തി യിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വില്ലേജുകളിൽ, എത്ര ഏക്കർ സ്ഥലമാണ് ലാന്റ് ബാങ്കായി നിലനിർത്തിയത് എന്നിവ അറിയിക്കാമോ; | ബി) | ലാന്റ് ബാങ്കായി നിലനിർത്തിയിട്ടില്ല. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 19.11.2019-ലെ 1-6510/2019(3) നമ്പർ ഉത്തരവ് പ്രകാരം ടി.ആർ.ഡി.എം ജില്ലാ മിഷന്റെ അംഗീകാരത്തിന് വിധേയമായി ചളിക്കൽ കോളനിയിലെ പ്രളയ ബാധിതരായ 34 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ഭൂമി വാങ്ങിയിട്ടുണ്ട്. |
| സി) | ആദിവാസികൾക്ക് വിതരണം ചെയ്യേണ്ട ഭൂമിയുടെ ഗുണഭോക്താക്കളെ കണ്ടെത്തു ന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാ മാണെന്നും അതിനുള്ള നിയമപരമായ നടപടിക്രമങ്ങൾ എന്തെല്ലാമെന്നും വിശദ മാക്കാമോ; | സി) | ഇതു സംബന്ധിച്ച് 20.07.2002 തീയതിയിലെ സ.ഉ (അച്ചടി) 41/2002/പജപവവിവ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധ മായി നല്കുന്നു). |
| ഡി) | മുണ്ടേരി-ചളിക്കൽ ആദിവാസി കോളനി യിലെ ആദിവാസികൾ ഭൂരഹിതരാ ണെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പും തീയതിയും വർഷവും ലഭ്യമാക്കാമോ; | ഡി) | ഇല്ല. |
| ഇ) | ആദിവാസി പുനരധിവാസ മിഷൻ വഴി മലപ്പുറം ജില്ലയിൽ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വാങ്ങുന്നതിന് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; വർഷവും തീയതിയും അറിയിക്കാമോ? | ഇ) | വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധം - 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

(അനുബന്ധം -1)

| ഭൂമി ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരം, | | | |
|---|---|---|---|
| ക്രമ നമ്പർ | പഞ്ചായത്ത് | കോളനി | ഭൂരഹിതരുടെ എണ്ണം |
| 1 | ചുങ്കത്തറ | കോട്ടേപ്പാടം | 5 |
| 2 | ചുങ്കത്തറ | കുന്നത്ത് | 8 |
| 3 | ചുങ്കത്തറ | കുറ്റിമുണ്ട | 1 |
| 4 | ചുങ്കത്തറ | സ്കൂൾകുന്ന്(കളക്കുന്ന്) | 1 |
| 5 | ചുങ്കത്തറ | പൂക്കോട്ടുമണ്ണ മലപ്പണിക്കർ | 1 |
| 6 | ചുങ്കത്തറ | കോട്ടേപ്പാടം മലപ്പണിക്കർ | 2 |
| 7 | ചുങ്കത്തറ | ചാത്തമുണ്ട | 5 |
| 8 | ചുങ്കത്തറ | സുൽത്താൻപടി | 2 |
| 9 | ചുങ്കത്തറ | പലയക്കോട് | 1 |
| 10 | ചുങ്കത്തറ | കൈപ്പിനി | 1 |
| 11 | ചുങ്കത്തറ | മുണ്ടപ്പാടം കുറുമർ | 1 |
| 12 | ചുങ്കത്തറ | മുണ്ടപ്പാടം | 1 |
| 13 | ചുങ്കത്തറ | ചാത്തംപുതുവായ് | 2 |
| 14 | ചുങ്കത്തറ | ചുള്ളിപ്പൊയിൽ | 2 |
| 15 | ചുങ്കത്തറ | അമ്പലപ്പൊയിൽ മേലെ കോളനി | 4 |
| 16 | ചുങ്കത്തറ | അമ്പലപ്പൊയിൽ താഴെ കോളനി | 3 |
| 17 | ചുങ്കത്തറ | മാത | 2 |
| 18 | ചുങ്കത്തറ | കാവുംപാടം | 4 |
| 19 | ചുങ്കത്തറ | കണയംകൈ | 4 |
| 20 | ചുങ്കത്തറ | 4 സെന്റ് | 4 |
| 21 | ചുങ്കത്തറ | അണ്ണേടപ്പ് | 7 |
| 22 | ചുങ്കത്തറ | പുതുപ്പരിയാരം | 2 |
| 23 | ചുങ്കത്തറ | മാങ്ങോട് | 4 |
| 24 | ചുങ്കത്തറ | എരുമമുണ്ട | 2 |
| 25 | ചുങ്കത്തറ | നെല്ലിപ്പൊയിൽ | 2 |
| 26 | ചുങ്കത്തറ | പാർട്ടിക്കുന്ന് | 2 |
| 27 | ചുങ്കത്തറ | ചീരക്കുഴി | 6 |
| 28 | ചുങ്കത്തറ | താഴെപെരുമ്പിലാട് | 1 |
| 29 | ചുങ്കത്തറ | മേലെപെരുമ്പിലാട് | 2 |
| 30 | ചുങ്കത്തറ | കാട്ടിലപ്പാടം | 3 |
| 31 | ചുങ്കത്തറ | വെള്ളാംപ്പാടം | 5 |
| 32 | ചുങ്കത്തറ | കൊന്നമണ്ണ | 3 |
| 33 | ചുങ്കത്തറ | നരിയംപൊയിൽ | 1 |
| 34 | ചുങ്കത്തറ | പള്ളിക്കുത്ത് | 3 |
| 35 | ചുങ്കത്തറ | വളയനൊടി | 4 |
| 36 | ചുങ്കത്തറ | പടിഞ്ഞാറ്റിയംപാടം | 4 |
| 37 | എടക്കര | മണക്കാട് | 7 |
| 38 | എടക്കര | ഇരട്ടാംകുളം | 5 |
| 39 | എടക്കര | ഉണിച്ചന്തം | 1 |
| 40 | എടക്കര | ചാലി | 5 |
| 41 | എടക്കര | വെള്ളാരംകുന്ന് | 9 |

| | | | |
|---|---|---|---|
| 42 | എടക്കര | പാതിരിപ്പാടം | 3 |
| 43 | എടക്കര | തെയ്യത്തുംപാടം | 1 |
| 44 | എടക്കര | കരിനെച്ചി | 1 |
| 45 | എടക്കര | മുപ്പിനി | 6 |
| 46 | എടക്കര | കാരക്കോട്മൂക്കം | 8 |
| 47 | എടക്കര | മലെച്ചില്ലിക്കാട് | 5 |
| 48 | വഴിക്കടവ് | പൂഞ്ചക്കൊല്ലി | 4 |
| 49 | വഴിക്കടവ് | പൂവ്വത്തിപ്പൊയിൽ | 5 |
| 50 | വഴിക്കടവ് | വെണ്ടേക്കുംപൊട്ടി | 2 |
| 51 | വഴിക്കടവ് | കീരിപ്പൊട്ടി | 3 |
| 52 | വഴിക്കടവ് | പൂത്തരിപ്പാടം | 3 |
| 53 | വഴിക്കടവ് | പാലക്കുഴി | 4 |
| 54 | വഴിക്കടവ് | കാരക്കോട് | 3 |
| 55 | വഴിക്കടവ് | വള്ളിക്കാട് | 3 |
| 56 | വഴിക്കടവ് | കോരംകുന്ന് | 1 |
| 57 | വഴിക്കടവ് | ഓടപ്പൊട്ടി | 4 |
| 58 | വഴിക്കടവ് | പരലുണ്ട | 1 |
| 59 | വഴിക്കടവ് | തണ്ണിക്കടവ് | 4 |
| 60 | പോത്ത്കല്ല് | ചേന്നംപൊട്ടി | 4 |
| 61 | പോത്ത്കല്ല് | ആനക്കല്ല് | 4 |
| 62 | പോത്ത്കല്ല് | മാതിപ്പൊട്ടി | 3 |
| 63 | പോത്ത്കല്ല് | കുനിപ്പാല | 1 |
| 64 | പോത്ത്കല്ല് | ചെമ്പ്ര | 8 |
| 65 | പോത്ത്കല്ല് | അമ്പിട്ടാംപൊട്ടി | 4 |
| 66 | പോത്ത്കല്ല് | നീർപ്പുഴമുക്കം | 3 |
| 67 | പോത്ത്കല്ല് | ഏട്ടപ്പാറ | 4 |
| 68 | പോത്ത്കല്ല് | അപ്പൻകാപ്പ് | 14 |
| 69 | പോത്ത്കല്ല് | കുമ്പളപ്പാറ | 11 |
| 70 | പോത്ത്കല്ല് | തരിപ്പപ്പൊട്ടി | 5 |
| 71 | പോത്ത്കല്ല് | വാണിയംപുഴ | 16 |
| 72 | പോത്ത്കല്ല് | തണ്ടൻകല്ല് | 17 |
| 73 | പോത്ത്കല്ല് | ഇരുട്ടുകുത്തി | 19 |
| 74 | പോത്ത്കല്ല് | കവളപ്പാറ | 15 |
| 75 | പോത്ത്കല്ല് | അമ്പലക്കുന്ന് | 5 |
| 76 | പോത്ത്കല്ല് | മലാംകുണ്ട് | 5 |
| 77 | പോത്ത്കല്ല് | തുടിമുട്ടി | 5 |
| 78 | പോത്ത്കല്ല് | നാരങ്ങാമ്പൊയിൽ | 10 |
| 79 | നിലമ്പൂർ മുനിസിപ്പാലിറ്റി | സി.എച്ച് കോളനി | 1 |
| 80 | നിലമ്പൂർ മുനിസിപ്പാലിറ്റി | മുതുകാട് | 5 |
| 81 | നിലമ്പൂർ മുനിസിപ്പാലിറ്റി | ചേലശ്ശേരിക്കുന്ന് | 2 |

| | | | |
|---|---|---|---|
| 82 | നിലമ്പൂർ മുനിസിപ്പാലിറ്റി | കല്ലേംമ്പാടം | 1 |
| 83 | നിലമ്പൂർ മുനിസിപ്പാലിറ്റി | ചക്കപ്പാലി | 4 |
| 84 | നിലമ്പൂർ മുനിസിപ്പാലിറ്റി | മുക്കർശ്ശി | 4 |
| 85 | നിലമ്പൂർ മുനിസിപ്പാലിറ്റി | നല്ലംതണ്ണി | 1 |
| 86 | നിലമ്പൂർ മുനിസിപ്പാലിറ്റി | മുതീരി | 9 |
| 87 | നിലമ്പൂർ മുനിസിപ്പാലിറ്റി | വരടേംപ്പാടം | 5 |
| 88 | നിലമ്പൂർ മുനിസിപ്പാലിറ്റി | വല്ലപ്പുഴ | 7 |
| 89 | നിലമ്പൂർ മുനിസിപ്പാലിറ്റി | പാടിക്കുന്ന് | 9 |
| 90 | നിലമ്പൂർ മുനിസിപ്പാലിറ്റി | ഇയ്യാംമട | 3 |
| 91 | അമരമ്പലം | വീരാളിമുണ്ട | 7 |
| 92 | അമരമ്പലം | കണക്കഞ്ചോല | 3 |
| 93 | അമരമ്പലം | പൊട്ടിക്കല്ല് | 1 |
| 94 | അമരമ്പലം | പരിയങ്ങാട് | 10 |
| 95 | അമരമ്പലം | ചുള്ളിയോട് | 9 |
| 96 | അമരമ്പലം | കവളമുക്കട്ട | 1 |
| 97 | അമരമ്പലം | വീട്ടിക്കുന്ന് | 1 |
| 98 | അമരമ്പലം | അയ്യപ്പൻകുളം | 13 |
| 99 | അമരമ്പലം | ചേലോട് | 1 |
| 100 | അമരമ്പലം | നെല്ലിക്കൽ | 2 |
| 101 | അമരമ്പലം | നരിപ്പൊയിൽ | 2 |
| 102 | അമരമ്പലം | പാട്ടക്കരിമ്പ് | 5 |
| 103 | അമരമ്പലം | കൊമ്പൻകല്ല് | 1 |
| 104 | അമരമ്പലം | ഒളർവട്ടം | 3 |
| 105 | അമരമ്പലം | പുഞ്ച | 1 |
| 106 | അമരമ്പലം | കൊമ്പൻകല്ല് | 1 |
| 107 | കരുളായി | ചെറിയഭൂമിക്കുത്ത് | 2 |
| 108 | കരുളായി | വലിയഭൂമിക്കുത്ത് | 3 |
| 109 | കരുളായി | പനിച്ചോല | 2 |
| 110 | കരുളായി | വള്ളിക്കെട്ട് | 3 |
| 111 | കരുളായി | മൈലംപാറ | 5 |
| 112 | കരുളായി | കൊഴലമുണ്ട | 2 |
| 113 | കരുളായി | ചെറിയപുള്ളി | 3 |
| 114 | കരുളായി | കൊട്ടുപാറ | 3 |
| 115 | കരുളായി | വളവ് | 1 |
| 116 | കരുളായി | വലിയപുള്ളി | 1 |

| | | | |
|---|---|---|---|
| 117 | കരുളായി | വള്ളിക്കെട്ട് | 1 |
| 118 | കരുളായി | നിലംപതി | 1 |
| 119 | കരുളായി | നെടുങ്കയം | 5 |
| 120 | കരുളായി | പുലിമുണ്ട | 7 |
| 121 | കരുളായി | മുണ്ടക്കടവ് | 2 |
| 122 | മൂത്തേടം | മേലെകാരോട് | 1 |
| 123 | മൂത്തേടം | കുട്ടിക്കൈ | 1 |
| 124 | മൂത്തേടം | വട്ടപ്പാടം | 2 |
| 125 | മൂത്തേടം | നാലാംകുട്ടി | 1 |
| 126 | മൂത്തേടം | കാരപ്പുറം (വാടകവീട്) | 1 |
| 127 | മൂത്തേടം | കാറ്റാടി | 1 |
| 128 | മൂത്തേടം | താഴെകാരോട് | 1 |
| 129 | മൂത്തേടം | കാരോട് | 1 |
| 130 | മൂത്തേടം | മേലെകാരോട് | 1 |
| 131 | മൂത്തേടം | എറയൻതാങ്ങി | 6 |
| 132 | മൂത്തേടം | വരക്കോട് | 2 |
| 133 | മൂത്തേടം | പനംപറ്റ | 1 |
| 134 | മൂത്തേടം | പൂങ്കളക്കൈ | 1 |
| 135 | മൂത്തേടം | മുച്ചിപ്പുരത | 1 |
| 136 | മൂത്തേടം | കാറ്റാടി | 1 |
| 137 | മൂത്തേടം | കാരപ്പുറം | 2 |
| 138 | മൂത്തേടം | പുളക്കപ്പൊാറ | 1 |
| 139 | മൂത്തേടം | തീക്കടി | 4 |
| 140 | മൂത്തേടം | നെല്ലിക്കുത്ത് | 6 |
| 141 | മൂത്തേടം | പുളക്കപ്പൊാറ | 4 |

സെക്രട്ടറി [illegible]

അനുബന്ധം

# കേരള സർക്കാർ

സംഗ്രഹം

**പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്—ആദിവാസി പുനരധിവാസ വികസന മിഷൻ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കാൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു**

## പട്ടികജാതി/പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

ജി.ഒ.(പി). നമ്പർ 41/2002/പ.ജ.പ.വ.വി.വ. തിരുവനന്തപുരം, 2002 ജൂലായ് 20.

വായന:—(1) ജി.ഒ.(പി.) നമ്പർ 63/01/പ.ജ.പ.വ.വി.വ. തീയതി 9-11-2001.

## ഉത്തരവ്

സംസ്ഥാനത്തെ ഭൂരഹിതരും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി ലഭ്യമാവുന്ന സ്ഥലങ്ങളിൽ പരമാവധി 5 ഏക്കർവരേയും ഭൂമി നൽകുന്നതിന് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്.

ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പതിച്ചുനൽകാൻ കണ്ടെത്തുന്ന ഓരോ ഭൂമിയും പതിച്ച് ലഭിക്കുവാൻ അർഹതപ്പെട്ട എല്ലാ ആദിവാസി കുടുംബങ്ങളിൽ നിന്നും അതാത് പ്രദേശത്തെ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ അപേക്ഷകൾ സ്വീകരിച്ച് ജില്ലാ മിഷന് സമർപ്പിക്കുന്നതാണ്. ഗുണഭോക്താക്കൾക്ക് നേരിട്ടും അപേക്ഷിക്കാവുന്നതാണ്. ഇതിനായി അപേക്ഷാഫാറങ്ങൾ അച്ചടിച്ച് ടി.ഇ.ഒ. ആഫീസുകൾ, ഗ്രാമ പഞ്ചായത്ത് ആഫീസുകൾ, വില്ലേജ് ആഫീസുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്നതാണ്.
2. ജില്ലാ മിഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ കരട് ലിസ്റ്റ് തയ്യാറാക്കി ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുന്നതാണ്.
3. ഇപ്രകാരം പ്രസിദ്ധീകരിക്കുന്ന കരട് ലിസ്റ്റ് ജില്ലാതല ജനകീയ കമ്മിറ്റിയുടെയും ഊരുകൂട്ടങ്ങളുടെയും പരിശോധനയ്ക്കും, ശുപാർശയ്ക്കും നൽകുന്നതാണ്.
4. ജനകീയ കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമായിരിക്കും;

| | | |
|---|---|---|
| (1) | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | (അദ്ധ്യക്ഷൻ) |
| (2) | ജില്ലയിലെ എല്ലാ എം.പി.മാരും, എം.എൽ.എ. മാരും | അംഗങ്ങൾ |
| (3) | ആദിവാസി കുടുംബങ്ങൾ ഇപ്പോൾ താമസമുള്ള എല്ലാ ഗ്രാമ-പഞ്ചായത്തുകളിലേയും പ്രസിഡന്റുമാർ | അംഗങ്ങൾ |

| | | |
|---|---|---|
| (4) | ഗ്രാമ–ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെ ആദിവാസി വിഭാഗത്തിലെ എല്ലാ ജനപ്രതിനിധികളും | അംഗങ്ങൾ |
| (5) | ബന്ധപ്പെട്ട എല്ലാ താലൂക്ക് തഹസീൽദാർമാരും | അംഗങ്ങൾ |
| (6) | കിർത്താർഡ്സിന്റെ പ്രതിനിധി | അംഗം |
| (7) | ജില്ലയിലെ പട്ടികവർഗ്ഗ വികസന വകുപ്പ് പ്രോജക്ട് ആഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ആഫീസർമാർ | കൺവീനർ |

ജില്ലാ കളക്ടർമാർ മേൽ ഘടനയോടുകൂടിയ ജില്ലാ ജനകീയ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

5. ജനകീയ കമ്മിറ്റികളുടെ ശുപാർശകളും ഊരുകൂട്ടങ്ങളുടെ അഭിപ്രായങ്ങളും, പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന ആക്ഷേപങ്ങളും പരിഗണിച്ച് ജില്ലാ മിഷൻ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

6. ഭൂരഹിതർ, ഏറ്റവും കുറവ് ഭൂമിയുള്ളവർ എന്നീ ക്രമത്തിലാണ് ഗുണഭോക്താക്കളുടെ ലിസ്റ്റിൽ മുൻഗണനാക്രമം നിശ്ചയിക്കേണ്ടത്.

   ഇപ്രകാരം കുറ്റമറ്റരീതിയിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയശേഷം ജില്ലാമിഷൻ ഭൂമി പതിച്ചുനൽകുന്നതാണ്. ലഭ്യമായ പ്ലോട്ടുകളേക്കാൾ ഭൂരഹിതരുടെ എണ്ണം കൂടുതലാണെങ്കിൽ ഗുണഭോക്താക്കളെ ചീട്ടിട്ട് തെരഞ്ഞെടുക്കേണ്ടതാണ്. സ്ഥലം തീരെ കുറവാണെങ്കിൽ ഒരേക്കറിൽ താഴെയുള്ള പ്ലോട്ടുകളും വിതരണം ചെയ്യുവാൻ ജില്ലാമിഷന് തീരുമാനിക്കാവുന്നതാണ്.

7. ഇതിനാവശ്യമായ അപേക്ഷാഫാറങ്ങൾ അച്ചടിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജെയിംസ് വർഗ്ഗീസ്,
സെക്രട്ടറി,
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്.

ആദിവാസി പുനരധിവാസ വികസനമിഷൻ, തിരുവനന്തപുരം
ആദിവാസി പുനരധിവാസ വികസനമിഷൻ മെമ്പർമാർക്ക്
എല്ലാ പ്രിൻസിപ്പൽ/സെക്രട്ടറിമാർക്കും
എല്ലാ വകുപ്പുതലവൻമാർക്കും
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖകത്ത് മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും
ലാൻഡ്–റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
ഡയറക്ടർ, ട്രഷറി വകുപ്പ്
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

സെക്ഷൻ ഓഫീസർ

അനുബന്ധം – II

APM/3734/2018-C7

## വിജ്ഞാപനം

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിത കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിലേക്ക് ഭൂമി വിൽക്കുന്നതിന് തയ്യാറുള്ള ഉടമകളിൽനിന്ന് നേരിട്ട് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ആദിവാസി പുനരധിവാസ മിഷൻ (റ്റി.ആർ.ഡി.എം.) ജില്ലാ മിഷൻ ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ മുഖേന ഭൂമി വാങ്ങുന്നതിലേക്ക് പ്രസ്തുത ഭൂമിയുടെ ഉടമസ്ഥർ തങ്ങളുടെ ഉടമസ്ഥതയിലുള്ള വാസയോഗ്യമായ ഭൂമി (കുടിവെള്ള ലഭ്യത, റോഡ്, വൈദ്യുതി ഇടങ്ങിയവയടക്കം ഉള്ളതും) യാതൊരുവിധ നിയന്ത്രണങ്ങളും ഉൾപ്പെടാത്ത, ബാധ്യതകളില്ലാത്ത വാസയോഗ്യമായ ഭൂമി വിൽക്കുന്നതിന് തയ്യാറാണെന്ന സമ്മതപത്രം ഉൾപ്പെടുത്തി വേണം അപേക്ഷ സമർപ്പിക്കേണ്ടത്. കുറഞ്ഞത് 10 സെന്റ് മുതൽ ഒരേക്കർ വരെയുള്ള ഭൂമിയുടെ ഉടമസ്ഥർക്ക് വിൽപ്പനക്കായി അപേക്ഷിക്കാവുന്നതാണ്. ഭൂമി വിലക്ക് വാങ്ങുന്നതിന് ഉദ്ദേശിച്ച് ആവിഷ്കരിച്ച ഈ പദ്ധതിയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഭൂമി വിലക്ക് വാങ്ങുന്നതിന് ഉത്തരവായിട്ടുള്ള തീയതി 03.03.2018 എന്ന സർക്കാർ ഉത്തരവ് (സാധാ) നം. 21/2018/പ.ക.വ. വിവ തിരുവനന്തപുരം തീയതി ഉത്തരവിലെ വ്യവസ്ഥകൾക്കും സർക്കാർ ഭൂമി വാങ്ങൽ സംബന്ധിച്ച നിയമ നിബന്ധനകൾക്കും വിധേയമായിരിക്കും.

സ്ഥല ഉടമകൾ സമർപ്പിക്കുന്ന രേഖകളോടൊപ്പം വസ്തുവിന്റെ ആധാരത്തിന്റെ പകർപ്പ്, അടിയാധാരം, ഭൂമിയുടെ ലൊക്കേഷൻ സ്കെച്ച്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, തണ്ടപ്പേർ അക്കൗണ്ട്, 5 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്, ജില്ലാ ഗവൺമെന്റ് പ്ലീഡറിൽനിന്നുള്ള ലീഗൽ സ്ക്രൂട്ടിനി സർട്ടിഫിക്കറ്റ്, ഒരു സെന്റിന് പ്രതീക്ഷിക്കുന്ന തുക, മുഴുവൻ വസ്തുവിനും പ്രതീക്ഷിക്കുന്ന തുക, വസ്തു വിൽപ്പനക്ക് തയ്യാറാണെന്നുള്ള സമ്മതപത്രം എന്നിവ ഉൾപ്പെട്ടിരിക്കണം.

ഭൂമി തെരഞ്ഞെടുക്കുന്നതിനും ഉണ്ടാവുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനും ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ പരിഗണിക്കുന്നതിനും നിരസിക്കുന്നതിനും ജില്ലാ കളക്ടർക്ക് വിവേചനാധികാരം ഉണ്ടായിരിക്കുന്നതാണ്. തർക്കങ്ങളിലും മറ്റും സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ തീരുമാനം അന്തിമമായിരിക്കും. ഭൂമി വിൽക്കുന്നതിന് താൽപര്യമുള്ള ഉടമകൾക്ക് കൂടുതൽ വിവരങ്ങൾ ജില്ലാ കളക്ടറേറ്റ്, ജില്ലാ പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ കാര്യാലയങ്ങളിൽ നിന്നും ലഭ്യമാണ്.

31-07-2018 തീയതിക്ക് മുമ്പായി നിലമ്പൂർ സംയോജിത പട്ടിക വർഗ്ഗ വികസന വകുപ്പ് പ്രോജക്ട് ഓഫീസർ മുമ്പാകെ അപേക്ഷകൾ നേരിട്ട് സമർപ്പിക്കുകയോ സംയോജിത പട്ടിക വർഗ്ഗ വികസന വകുപ്പ് പ്രോജക്ട് ഓഫീസറുടെ കാര്യാലയം, നിലമ്പൂർ പി.ഒ., പിൻ 679329 എന്ന മേൽ വിലാസത്തിൽ സമർപ്പിക്കുകയോ ചെയ്യാവുന്നതാണ്.

ജില്ലാ കളക്ടർ

Signature valid

Digitally signed by [illegible]
MEENA A
Date: 2[illegible].05.0[illegible]:23:24 IST
Reason: [illegible]